"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ-ലൈഫ് മിഷൻ- ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. കെ. ആർ. ഗോപകുമാറിനെ ലൈഫ് മിഷനിലെ പ്രോഗ്രാം മാനേജർ (ഫിനാൻസ്) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.2040/2020/LSGD തീയതി,തിരുവനന്തപുരം, 30/10/2020

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01/07/2020-ലെ എൽഎഫ് 10/2017/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷനിൽ കരാറടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്ന പ്രോഗ്രാം മാനേജർ (ഫിനാൻസ്) ശ്രീ. ജയന്തൻ. പി.എസ് 07/07/2020 മുതൽ ലൈഫ് മിഷനിലുള്ള തന്റെ കരാർ സേവനം അവസാനിപ്പിക്കുന്നതായി അറിയിച്ചിട്ടുണ്ട് എന്നും ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി ബജറ്റ് വിഹിതം കൂടാതെ ഹഡ്കോ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 4000 കോടിയോളം രൂപ ലോണും വിനിയോഗിക്കുന്നുണ്ട് എന്നും ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ കൃത്യമായ ധന-മാനേജ്മെന്റിനും, ഹഡ്കോ, കെ.യു.ആർ.ഡി.എഫ്.സി, ധനകാര്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഫിനാൻസ് ഓഫീസറുടെ സേവനം അനിവാര്യമാകയാൽ നിലവിലുള്ള പ്രോഗ്രാം മാനേജർ (ഫിനാൻസ്) തസ്തിക ഒഴിവാകുന്ന സാഹചര്യത്തിൽ സെക്രട്ടറിയേറ്റ് ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ജീവനക്കാരന്റെ സേവനം ലൈഫ് മിഷന് അന്യത്ര സേവന വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ റീജിയണൽ കാൻസർ സെന്ററിൽ കൺട്രോളർ ഓഫ് ഫിനാൻസ് ആയി പ്രവർത്തിക്കുന്നതുമായ ശ്രീ.കെ.ആർ.ഗോപകുമാറിനെ ലൈഫ് മിഷനിലെ പ്രോഗ്രാം മാനേജർ (ഫിനാൻസ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിലെ ചട്ടങ്ങൾക്കും നിബന്ധകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

ശ്രീ.കെ.ആർ.ഗോപകുമാർ, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം(ഇതിന് ധനകാര്യവകുപ്പിന്റെ അംഗീകാരമുണ്ട്).

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യവകുപ്പ്(13.10.2020-ലെ 1571923/ഭരണം-എ2/215/2020-ധന പ്രകാരം)

പൊതുഭരണ വകുപ്പ് .

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by
REENAMMA P A
Date: 2020.11.02 11:35:02 IST
Reason: Approved

സെക്ഷൻ ഓഫീസർ